## 946

*രീതി: യേശു നല്ലവൻ എനിക്കു*

മന്നിൽ വന്നവൻ നമുക്കു ജീവൻ തന്നവൻ
മൂന്നാം നാളിലുയർത്തെഴുന്നു വിണ്ണിൽ ചെന്നവൻ
വീണ്ടും വരുമെന്നരുളിച്ചെയ്ത ദിവ്യരക്ഷകൻ
വേഗം വന്നിടും-വേഗം വന്നിടും

1 മൃത്യുവിന്നടിമയായിരുന്ന നമ്മളെ
രക്തം ചിന്തി വീണ്ടെടുത്തു ക്രിസ്തു നായകൻ
നിത്യതയിൽ നമുക്കുവേണ്ടി വീടൊരുക്കി താൻ
വേഗം വന്നിടും-വേഗം വന്നിടും

2 വിത്തു ചുമന്നിടും കണ്ണുനീരിൽ നാം വിതയ്ക്കുകിൽ
കറ്റ ചുമന്നുകൊണ്ടു നമ്മളാർത്തുഘോഷിക്കും
കർത്തൻ കൈകൾ കണ്ണുനീർ തുടയ്ക്കും നാളിതാ
വേഗം വന്നിടും-വേഗം വന്നിടും

4 വിണ്ണിൽ കാഹളധ്വനി മുഴങ്ങും നേരത്തിൽ
മണ്ണിൽ മറഞ്ഞ ശുദ്ധരുമുയിർത്തു നാമുമായ്
വിണ്ണിൽ ചേർന്നു പ്രിയൻ പാദം ചുംബിച്ചിടുന്നു നാൾ
വേഗം വന്നിടും-വേഗം വന്നിടും

5 നിത്യ നിർവൃതി ശിരസ്സിൽ പേറി വാഴുമാ-
പ്രത്യാശയാൽ സ്തോത്രഗീതം പാടി വാഴ്ത്താം നാം
നിത്യതയിലെത്തി നമ്മൾ വിശ്രമിക്കും നാൾ
വേഗം വന്നിടും-വേഗം വന്നിടും-

**G.P.**